ഭരണഭാഷ - മാതൃഭാഷ

നം: എം 2/8729/2026/ഡി ജി ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
ഇ-മെയിൽ : secret.dge@kerala.gov.in

വിജ്ഞാപനം

സ്വാശ്രയ മേഖലയിലെ **"** ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ **"** (**ഡി. എൽ. എഡ്. –** D. El. Ed.) കോഴ്സിന് 2026 - 2028 അദ്ധ്യായന വർഷത്തേക്ക്, താഴെപ്പറയുന്ന യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. ജി. ഒ (എം. എസ്) നം. 291/2004/പൊ. വി. വ., തീയതി: 14-04-2004 പ്രകാരം സ്വാശ്രയ മേഖലയിലെ ടീച്ചർ ട്രെയിനിംഗ് കോഴ്സിലേക്ക് പ്രവേശനത്തിനായി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തു നിലവിലുള്ള **"** ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ**"** (ഡി.എഡ്) കോഴ്സിന്റെ പേര് **"**ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ**"** (ഡി.എൽ.എഡ്) എന്നു മാറ്റി പുനർനാമകരണം ചെയ്യുകയും എൽ. പി./ യു. പി. അദ്ധ്യാപക വിദ്യാഭ്യാസത്തിന്റെ ഘടനയും സ്വഭാവവും പാഠ്യപദ്ധതിയിലും 2018 – 2019 അദ്ധ്യായന വർഷം മുതൽ സ. ഉ (സാധാ) നം. 1700/2018/പൊ.വി.വ., തീയതി: 05-05-2018 പ്രകാരം പരിഷ്കരിച്ചും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. (സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്). നാല് സെമസ്റ്ററുകളിലായി രണ്ടു വർഷമാണ് കോഴ്സിന്റെ കാലാവധി.

തെരഞ്ഞെടുപ്പ് രീതി

ഓരോ മീഡിയത്തിനും അനുവദിക്കപ്പെട്ട 50 സീറ്റിൽ 50% ഓപ്പൺ മെരിറ്റും 50% മാനേജ്മെന്റ് ക്വാട്ടയുമായിരിക്കും.

ഫീസ് ഘടന

മെറിറ്റ് വിഭാഗം വിദ്യാർത്ഥികളുടെ വാർഷിക ഫീസ് 30,000/- (മുപ്പതിനായിരം രൂപ മാത്രം) രൂപയും മാനേജ്മെന്റ് ക്വാട്ടാ വിദ്യാർത്ഥികളുടെ വാർഷിക ഫീസ് 35,000/- (മുപ്പത്തി അയ്യായിരം രൂപ മാത്രം) രൂപയും ആണ്. പ്രസ്തുത തുക ഓരോ വർഷവും രണ്ടു ഗഡുക്കളായി അടയ്ക്കേണ്ടതാണ്.

യോഗ്യതകൾ

അപേക്ഷകൾ താഴെ പറയുന്ന ഏതെങ്കിലും പരീക്ഷയിൽ ചുരുങ്ങിയത് 50 ശതമാനം മാർക്ക് നേടിയിരിക്കണം.

1. കേരളത്തിലെ ഹയർസെക്കന്ററി പരീക്ഷാ ബോർഡ് നടത്തുന്ന ഹയർ സെക്കന്ററി പരീക്ഷ അല്ലെങ്കിൽ തത്തുല്യമായി കേരള സർക്കാർ അംഗീകരിച്ചിട്ടുള്ള പരീക്ഷ.
2. +2 വിന് പകരം മറ്റ് തത്തുല്യ കോഴ്സുകൾ പഠിച്ചിട്ടുള്ളവർ പ്രസ്തുത സർട്ടിഫിക്കറ്റ് +2 വിന് തുല്യമാണെന്ന് തെളിയിക്കുന്ന തുല്യതാസർട്ടിഫിക്കറ്റ് കൂടി അപേക്ഷയോടൊപ്പം